&

(ബി) ആവശ്യത്തിലധികം ഉപഭോക്താക്കളും സൗകര്യങ്ങളുടെ അപര്യാപ്തതയുമുള്ള മഞ്ചേരി നോർത്ത് വള്ളുവമ്പ്രം, കിഴിശ്ശേരി സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

നിവേദനം ലഭിച്ചിട്ടുണ്ട്. പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

ഭരണാനുമതി ലഭിച്ച സബ്സ്റ്റേഷൻ

232(246) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജനസാന്ദ്രത കൂടിയ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ ഏതെല്ലാം ഫീഡറുകളിൽ നിന്നുള്ള വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ, 110 കെ.വി. കിഴിശ്ശേരി സബ്സ്റ്റേഷനുകീഴിലുള്ള പുളിക്കൽ, കുമ്മിണി പറമ്പ്, കരിപ്പൂർ, കൊണ്ടോട്ടി, എ.ആർ.നഗർ, എടപ്പറമ്പ്, എയർപോർട്ട് എന്നീ 11 കെ.വി. ഫീഡറുകളിലൂടെയാണ് വൈദ്യുതി ലഭ്യമാക്കുന്നത്.

(ബി) നിലവിലെ 110 കെ.വി. സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണി നടക്കുമ്പോൾ കൊണ്ടോട്ടി ടൗണിലും പരിസര പ്രദേശങ്ങളിലും ബാക്ക്ഫീഡിംഗിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

നിലവിലെ 110 കെ.വി. സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണികൾ നടക്കുമ്പോൾ കൊണ്ടോട്ടി ടൗണിലും പരിസര പ്രദേശങ്ങളിലും ബാക്ക്ഫീഡിംഗ് പ്രായോഗികമല്ല. എന്നാൾ 33 കെ.വി. വള്ളുവമ്പ്രം സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും കൊണ്ടോട്ടി സെക്ഷനുകീഴിലെ Aerial Bunched conductor (ABC) ഉപയോഗിച്ചു 8 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തിയും പൂർത്തിയാകുന്നമുറയ്ക്ക് കൊണ്ടോട്ടി ടൗണിൽ ഭാഗികമായി വൈദ്യുതി ബാക്ക് ഫീഡിങ് ചെയ്യാവുന്നതാണ്.

(സി) ഭരണാനുമതി ലഭിച്ച സബ്സ്റ്റേഷൻ വേഗത്തിൽ തുടങ്ങി ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കുകയും സ്ഥലം കണ്ടെത്തുകയും ചെയ്തെങ്കിലും ടി സ്ഥലത്തെ മണ്ണിന്റെ ഘടന കണക്കിലെടുക്കുമ്പോൾ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം അനുയോജ്യമല്ല എന്ന് കോഴിക്കോട് NIT (National Institute of Technology)-യിലെ വിദഗ്ധരും ജിയോളജി വകുപ്പും കണ്ടെത്തിയതിനെത്തുടർന്ന് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പുളിക്കൽ പ്രദേശത്ത് മറ്റ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ട്രാൻസ്മിഷൻ നോർത്ത് ചീഫ് എഞ്ചിനീയറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പന്തീരൻകാവിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കു ന്നതിനുള്ള പ്രൊപ്പോസൽ നിലവിലുള്ളതിനാൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാദ്ധ്യത ഒന്നുകൂടി പരിശോധിക്കാനും തീരുമാ നിച്ചിട്ടുണ്ട്.

മണിയങ്കോട് സബ്സ്റ്റേഷൻ

233(247) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലുള്ള മണിയങ്കോട് 33 കെ.വി. സബ്സ്റ്റേഷനിൽ വെള്ളം കയറുന്നതുമൂലം ആയത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കല്പറ്റ നിയോജകമണ്ഡലത്തിലെ മണിയങ്കോട് 33 കെ.വി. സബ്സ്റ്റേഷനിൽ വെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ പരിശോധിക്കുന്നതാണ്. കൂടാതെ വിതരണ വിഭാഗം നിർമ്മിക്കുന്ന പുതിയ വൈദ്യുതിഭവനോട് ചേർന്ന് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കു ന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചാൽ നിലവിലുള്ള മണിയങ്കോട് സബ്സ്റ്റേഷനിൽ നിന്നുള്ള ഫീഡറുകൾ പുതിയ സബ്സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

(ബി) ഇത് മാറ്റി സ്ഥാപിക്കാത്തത് സംബന്ധിച്ച പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(സി) മണിയങ്കാട് സബ്സ്റ്റേഷൻ സംബന്ധിച്ച് എന്തെങ്കിലും അഴിമതി കേസുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly